# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2497 01.04.2013-ൽ മറുപടിക്ക്**

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണപദ്ധതികൾ**

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്പാനിൽ (എസ്.പി.എ.എൻ.) ഉൾ പ്പെ ടുത്തി നടപ്പാക്കുന്ന ശ്രീകൃഷ്ണപുരം ശുദ്ധജല വിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്; വിശദാംശം നൽകുമോ; | (എ) | സ്പാനിൽ ഉൾ പ്പെടുത്തി ശ്രീ കൃഷ്ണപുരത്തേയും സമീപ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ സ്ഥാപിച്ച പൈപ്പുകളുടെയും സ്ഥാപിക്കാനുള്ള പൈപ്പുകളുടേയും വിശദാംശങ്ങൾ താഴെ ച്ചേർക്കുന്നു.<br>__പി.വി.സി പൈപ്പ് കൊണ്ടുള്ള പൈപ്പ് ലൈൻ__<br>സോൺ I, II,III & IV ആകെ 68.205 കി.മീ. പണിപൂർത്തിയായി.<br>__DI പൈപ്പ് ഉപയോഗിച്ചുള്ള പമ്പിംഗ് മെയിനുകളും ഗ്രാവിറ്റി മെയിനുകളും വിതരണ ശൃംഖലയും__<br>ആകെ 35.89 കി.മീ., അതിൽ 12 കി.മീ. ന്റെ പണി പൂർത്തിയായി. ബാക്കി പണി പുരോഗതിയിലാണ് |
| (ബി) | സ്പാനിൽ ഉൾ പ്പെ ടുത്തി നടപ്പാക്കുന്ന കരിമ്പുഴ ശുദ്ധജലവിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്; ആയതിലേക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുതപദ്ധതിക്ക് ഇനി എത്ര തുക ആവശ്യമുണ്ട്; വിശദാംശം നൽകുമോ; | (ബി) | സ്പാനിൽ ഉൾ പ്പെ ടുത്തി നടപ്പാക്കുന്ന കരിമ്പുഴ ശുദ്ധജലവിതരണപദ്ധതിയിൽ ഇനി 73.25 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ആയതിലേയ്ക്ക് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഉദ്ദേശം 700 ലക്ഷം രൂപയുടെ ഡി.പി.ആർ അടുത്ത എസ്.എൽ.എസ്.എസ്.സി മീറ്റിംഗിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | യു.ഐ.ഡി.എസ്.എസ്.എം.റ്റി. മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണപദ്ധതിയിൽ ഇനി എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്; ആയതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുതപദ്ധതിക്ക് എത്ര ഫണ്ട് ആവശ്യമായിവരും; വിശദാംശം ലഭ്യമാക്കുമോ? | (സി) | യു.ഐ.ഡി.എസ്.എസ്.എം.റ്റി. മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം കുടിവെള്ള പദ്ധതിയിൽ ഇനി 60.515 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ഒറ്റപ്പാലം മുനിസിപ്പാലിറ്റി മുഖേന ഡി.പി.ആർ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് 24.02 കോടി രൂപ ആവശ്യമായി വരും. |

സെക്ഷൻ ഓഫീസർ